# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നം. 5482 | 04-07-2013 ൽ ഇടക്കാല<br>മറുപടി നൽകിയിരുന്നത് |

## തുടർപ്രവർത്തനം നിലച്ചിരിക്കുന്ന ജലസേചന പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | തുടർപ്രവർത്തനം നിലച്ചിരിക്കുന്ന ജലസേചന പദ്ധതികൾ ഓരോന്നിനും ഇതിനകം ചെലവായ തുകയും പദ്ധതി ഓരോന്നും പൂർത്തീകരിക്കാനാവശ്യമായ തുകയും സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ? | (എ) | ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 ന് കീഴിൽ ഭവാനി ബേസിനിൽ തുടർപ്രവർത്തനം നിർത്തിവെച്ച അട്ടപ്പാടി ജലസേചന പദ്ധതിയ്ക്ക് ഇതിനകം ചെലവായ തുക 15.2657 കോടി രൂപയാണ്. ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.<br>പ്രോജക്ട് 2 ന് കീഴിലുള്ള പദ്ധതികളിൽ തുടർ പ്രവർത്തനം നിലച്ചിരിക്കുന്നത് വാമനപുരം ജലസേചന പദ്ധതിയ്ക്കാണ്. ഈ പദ്ധതിയ്ക്ക് 1983 ൽ 3.64 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. എന്നാൽ പല വിധത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ നിമിത്തം ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരികയും അതേ തുടർന്ന് 2000 ൽ ഈ പദ്ധതി ജലസേചനത്തിനും, കുടിവെള്ളത്തിനും ഉതകുന്ന രീതിയിൽ ഒരു വിവിധോദ്ദേശ പദ്ധതിയാക്കി 37.04 കോടിയുടെ പ്രൊപ്പോസൽ മുന്നോട്ടുവച്ചെങ്കിലും പൊതുജനങ്ങളുടെ എതിർപ്പു കാരണം ഈ പ്രൊപ്പോസൽ തൽക്കാലം തടഞ്ഞുവച്ചിരിക്കുകയാണ്. എന്നാൽ വരൾച്ചയെ തുടർന്ന് വെള്ളത്തിന്റെ ലഭ്യത |

| | | | |
|---|---|---|---|
| | | | പേപ്പാറയിൽ കുറയുന്നത് അനുഭവപ്പെട്ടതിനാൽ വാമനപുരം പ്രോജക്ട് മോഡിഫൈ ചെയ്ത് ഫോറസ്റ്റ് ഭൂമി കഴിയുന്നതും ഒഴിവാക്കി ചെറിയ ഡാമുകൾ പണിയുന്നതിനുള്ള പര്യവേഷണം നടത്തുകയാണ്. ഈ പ്രോജക്ടിനു വേണ്ടി ഇതുവരെ ചെലവാക്കിയ ആകെ തുക 19.5 കോടി രൂപയാണ്. പൂർത്തീകരിക്കാനാവശ്യമായ തുക കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**